# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2525 — 09.12.2014-ൽ മറുപടിയ്ക്ക്

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

**ചോദ്യം**
**ശ്രീ.ടി.വി.രാജേഷ്**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ എത്ര തസ്തികകളുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ 31 അദ്ധ്യാപക തസ്തികകളും 18 അനദ്ധ്യാപക തസ്തികകളും ഉണ്ട്. ക്ലാർക്ക്, വാച്ച്മാൻ, സെക്യൂരിറ്റി എന്നീ തസ്തികകൾ നിലവിൽ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാച്ച്മാൻ/സെക്യൂരിറ്റി തസ്തിക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ലാർക്ക്, വാച്ച്മാൻ, സെക്യൂരിറ്റി തസ്തികകൾ ഒഴികെ മറ്റെല്ലാ തസ്തികകളിലും സ്ഥിര നിയമനം/ കരാർ നിയമനം/ദിവസ വേതന നിയമനം എന്നീ വ്യവസ്ഥയിൽ ഒഴിവുകൾ നികത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | ബി) | പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും അധിഷണലായി സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, റീഡിംഗ് റൂം, വിസിറ്റേഴ്സ് റൂം, വാച്ച്മാൻ ക്യാബിൻ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. |

Haripriya

സെക്ഷൻ ഓഫീസർ